(സി) വനംവകുപ്പുകാർ അതു ഏറ്റവും നിരുത്തരവാദിത്വമായിട്ടാണു കൈകാര്യം ചെയ്യുന്നതു എന്നറിയാമോ;

(ഡി) ഒതാടുപുഴ താലൂക്കിലെ മലംപ്രദേശങ്ങളിൽ താമസിക്കുന്ന പലരെയും വോട്ടേഴ്സു ലിസ്റ്റിൽ ചേർക്കുന്നില്ലെന്നു പരാതി ലഭിച്ചിട്ടുണ്ടോ;

(ഇ) അതേക്കുറിച്ചന്വേഷിച്ചു നടപടികൾ സ്വീകരിക്കുമോ?

നിയമവകുപ്പുമന്ത്രി (ശ്രീ. വി. ആർ. കൃഷ്ണയ്യർ):

(എ) ഉണ്ടു്.

(ബി) ഇല്ല.

(സി) ഇല്ല.

(ഡി) ഇല്ല.

(ഇ) പരാതിയില്ല. അതിനാൽ ഈ പ്രശ്നം ഉദിക്കുന്നില്ല. പരാതി കിട്ടിക്കഴിഞ്ഞാൽ അന്വേഷിക്കാം.

ശ്രീമതി കുസുമം ജോസഫ്: വനത്തിൽ താമസിക്കുന്നവരെ വോട്ടേഴ്സു ലിസ്റ്റിൽ ചേർക്കുന്നതിനു ഫാറസ്റ്റ് ഡിപ്പാർട്ടുമെന്റുകാർ ശ്രദ്ധിക്കേണ്ടകാര്യമില്ലെന്നാണോ പറയുന്നതു്.

ശ്രീ. വി. ആർ. കൃഷ്ണയ്യർ: ഇവിടെ ചോദിച്ചിരിക്കുന്നതു് 'വനം ഡിപ്പാർട്ടുമെന്റിലെ എന്യൂമറേഷൻ ജോലികൾ ഫാറസ്റ്റ് ഡിപ്പാർട്ടുമെന്റ് ഏറ്റെടുത്തതുമൂലം റവന്യൂ ഡിപ്പാർട്ടുമെന്റ് അതിലശേഷം ശ്രദ്ധിക്കുന്നില്ലെന്നു അറിയാമോ, എന്നാണു്. ഫാറസ്റ്റ് ഡിപ്പാർട്ടുമെന്റുകാർ എന്യൂമറേഷൻ ജോലികൾ വേണ്ടമാതിരി ചെയ്യുന്നുണ്ടു്. റവന്യൂ ഡിപ്പാർട്ടുമെന്റുകാരും ചെയ്യുന്നുണ്ടു്. ഓരോ കൂട്ടരും അവരവരുടെ പ്രവൃത്തി ചെയ്തുകൊണ്ടിരിക്കുകയാണു്.

ശ്രീമതി കുസുമം ജോസഫ്: അഞ്ചും, ആറും തവണയായി വനങ്ങളിൽ കുടിയേറിപ്പാർത്തുകൊണ്ടിരുന്നവരെ ഇനിയും വോട്ടേഴ്സു ലിസ്റ്റിൽ ചേർത്തിട്ടില്ലെന്നു അറിയാമോ?

ശ്രീ. വി. ആർ. കൃഷ്ണയ്യർ: അങ്ങനെ ഒരു പരാതി ലഭിച്ചിട്ടില്ല.

ശ്രീ. മാലേത്തു ഗോപിനാഥപിള്ള: ഇപ്പോൾ ബഹുമാനപ്പെട്ട മെമ്പർ ശ്രീമതി കുസുമം ജോസഫിൽനിന്നും ലഭിച്ച പരാതിയെ അടിസ്ഥാനമാക്കി ഇതിനെപ്പറ്റി ഒരു അന്വേഷണം നടത്തുമോ?

ശ്രീ. വി. ആർ. കൃഷ്ണയ്യർ: പരാതിയായിട്ടു് ബഹുമാനപ്പെട്ട മെമ്പർ ഒന്നും പറഞ്ഞില്ല. പരാതി ലഭിച്ചിട്ടുണ്ടോ എന്നാണു് ചോദിച്ചതു്. പരാതി ഏതെങ്കിലും വന്നാൽ അതേപ്പറ്റി അന്വേഷിക്കാം.

ഔദ്യോഗിക കൃത്യനിർവ്വഹണ സമയം ഉണ്ടാകുന്ന ആപത്തുകളും മരണങ്ങളും

* 1768. [15] ശ്രീ. ആർ. ബാലകൃഷ്ണപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്കു വനംവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫാറസ്റ്റ് ഡിപ്പാർട്ടുമെന്റിലെ ജീവനക്കാർക്കു ഔദ്യോഗിക കൃത്യനിർവ്വഹണ സമയം എന്തെങ്കിലും ആപത്തുകൾ ഉണ്ടാകുകയോ മരണപ്പെടുകയോ ചെയ്താൽ പ്രത്യേകമായി എന്തെങ്കിലും ആനുകൂല്യങ്ങൾ നൽകിവരുന്നുണ്ടോ;

(ബി) കുളത്തൂപ്പുഴ റേഞ്ചിലെ ഒരു ഫാറസ്റ്റ് ഗാർഡ് ആയ ശ്രീ. വേലായുധൻപിള്ള കാലിൽ ആകസ്മികമായി വെടിയേൽക്കുകയും ചികിത്സയിൽ തുടർന്നുവരികയും ചെയ്യുന്നുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഉണ്ടെങ്കിൽ എത്ര കാലമായി ചികിത്സയിൽ കഴിയുന്നുവെന്നും ഈ കാലഘട്ടത്തിൽ ശമ്പളംപോലും നൽകാതിരിക്കുന്നുണ്ടെങ്കിൽ എന്തു കൊണ്ടാണെന്നും വ്യക്തമാക്കുമോ;

(ഡി) വേലായുധൻപിള്ളയ്ക്ക് സുഖം ലഭിക്കുംവരെ മുഴുവൻ ശമ്പളവും നൽകാൻ ഗവണ്മെന്റു ദയവുകാണിക്കുമോ?

വനംവകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോർജ്ജ്) :

(എ) ഉണ്ട്.

(ബി) ഫാറസ്റ്റു ഗാർഡ് ശ്രീ. വേലായുധൻനായർ ഇപ്പോൾ ആയുർവ്വേദവൈദ്യന്മാരുടെ ചികിത്സയിലാണെന്നാണ് അറിവ്.

(സി) 24-11-56 മുതൽ കൊല്ലം ആശുപത്രിയിലും, 15-1-57മുതൽ 6-3-57വരെ തിരുവനന്തപുരം മെഡിക്കൽ കാളേജു ആശുപത്രിയിലും കിടത്തി ചികിത്സിക്കുകയായിരുന്നു. അവിടെനിന്നും ഇറങ്ങിയതിനുശേഷവും അവിടത്തെ ഒരു ഔട്ട് പേഷ്യന്റായിരുന്നു. വേലായുധൻനായക്ക് ചട്ടപ്രകാരം മുഴുവൻ ശമ്പളത്തോടുകൂടി അവകാശപ്പെട്ട അവധിക്കു പുറമെ സ്പെഷ്യൽ ഡിസ്സിബിലിറ്റി അവധിയും സിക്കലീവും ചട്ടപ്രകാരം അനുവദിച്ചിട്ടുണ്ട്.

(ഡി) വേലായുധൻനായക്ക് മുഴുവൻ ശമ്പളത്തോടുകൂടിയ അവധി സുഖം ലഭിക്കുംവരെ അനുവദിക്കുന്നതിനു ചട്ടമില്ലാത്തതിനാൽ ഗവണ്മെന്റിന് അങ്ങിനെ ചെയ്യാൻ നിവൃത്തിയില്ല.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : ഈ വേലായുധൻപിള്ളയ്ക്കു അദ്ദേഹത്തിന്റെ ദീർഘകാലത്തെ സേവനത്തെയും, അദ്ദേഹത്തിനു പററിയ ആപത്തുകളെയും പരിഗണിച്ചു എന്തെങ്കിലും തുക കൊടുക്കുന്നതിനു റെക്കമെന്റു ചെയ്തിട്ടുണ്ടോ?

ശ്രീ. സി. അച്യുതമേനോൻ : ഉണ്ട്.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : അതിനെപ്പററി വല്ല തീരുമാനവും ചെയ്തിട്ടുണ്ടോ?

ശ്രീ. സി. അച്യുതമേനോൻ : ഇപ്പോൾതന്നെ സർവ്വീസ്റൂൾസ് പ്രകാരമുള്ള ആനുകൂല്യങ്ങളെല്ലാം അദ്ദേഹത്തിനു കൊടുത്തുകഴിഞ്ഞിട്ടുണ്ട്. പുതിയതായിട്ടുള്ള ആനുകൂല്യങ്ങൾ കൊടുക്കണമെന്നുണ്ടെങ്കിൽ അങ്ങനെ വല്ലതും കൊടുത്തിട്ടുണ്ടോ എന്നുള്ളതു നോക്കീട്ടുവേണം അതുചെയ്യുവാൻ.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : ഈ വേലായുധൻപിള്ളയ്ക്കു ഇപ്പോൾ പകുതി ശമ്പളംപോലും കിട്ടുന്നില്ലെന്നറിയാമോ?

ശ്രീ. സി. അച്യുതമേനോൻ : സർവ്വീസ് റൂൾസ് പ്രകാരമുള്ള ആനുകൂല്യങ്ങളെ കിട്ടുകയുള്ളു.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : ആനുകൂല്യങ്ങൾ ഒന്നും കൊടുക്കുവാൻ തയാറില്ലെങ്കിൽ വേലായുധൻപിള്ളയെ സർവ്വീസിൽനിന്നു പിരിച്ചയയ്ക്കുവാൻ ഭയവുണ്ടാകുമോ?

ശ്രീ. സി. അച്യുതമേനോൻ : സർവ്വീസ്റൂൾസ്പ്രകാരമുള്ള ആനുകൂല്യങ്ങളെല്ലാം അദ്ദേഹത്തിനു കൊടുത്തുകഴിഞ്ഞിട്ടുണ്ട്. അതുകൂടാതെ പുതിയതായി വല്ല ആനുകൂല്യങ്ങളും അദ്ദേഹത്തിനു കൊടുക്കണമെന്നുണ്ടെങ്കിൽ അങ്ങനെ വല്ല പ്രീസിഡൻറ്സും ഉണ്ടായിട്ടുണ്ടോ എന്നു നോക്കീട്ടുവേണം ചെയ്യുവാൻ. അതു് ഗവണ്മെന്റു പരിശോധിച്ചുകൊണ്ടിരിക്കയാണ്.

ശ്രീ. ഇടിക്കുള : റാന്നിഫാറസ്റ്റു ഡിവിഷനിൽനിന്നു അപകടം സംഭവിച്ച ഫാറസ്റ്റുഗാർഡിന്റെ കുടുംബത്തിനു വല്ല കാമ്പൻസേഷനും കൊടുത്തിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. അച്യുതമേനോൻ : ഏതു ഫാറസ്റ്റ് ഗാർഡാണ്?

ശ്രീ. ഇടിക്കുള : ചെട്ടിയാരുടെ കാര്യമാണു ചോദിച്ചതു്.

ശ്രീ. സി. അച്യുതമേനോൻ : അക്കാര്യത്തെപ്പററി ആലോചിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. മാലേത്തുഗോപിനാഥപിള്ള : ഔദ്യോഗികമായ ചുമതല നിർവ്വഹിച്ചുകൊണ്ടിരിക്കുന്ന സമയത്താണോ വേലായുധൻപിള്ളയ്ക്കു ആപത്തു പററിയതു്?

ശ്രീ. സി. അച്യുതമേനോൻ : അതെ.

ശ്രീ. മാലേത്തുഗോപിനാഥപിള്ള : വേലായുധൻ പിള്ളയ്ക്കു വെടി ഏൽക്കാൻ കാരണമെന്താണ്?

ശ്രീ. സി. അച്യുതമേനോൻ : വനവർഗ്ഗക്കാർ നിറച്ചുവച്ചുപോയ തോക്കുപൊട്ടി അദ്ദേഹത്തിന്റെ കാലിൽ പരുക്കുപററിയെന്നാണ് പറയുന്നതു്.

വനജാ പോളി ടെക്നിക്ക്.

* 1769. [16] ശ്രീ. ആർ. കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് വ്യവസായവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട്ടു വനജാ പോളി ടെക്നിക്ക് സ്ഥാപിതമായിട്ടു് കാലമെത്രയായി;

(ബി) ആരാണിതിന്റെ ഉടമസ്ഥന്മാർ;

(സി) അവിടെ 250 രൂപ ക്യാഷ് സെക്യൂരിററി വാങ്ങി ആളുകൾക്കു് ജോലി നൽകുന്നുണ്ടോ;

(ഡി) ഇന്നുവരെയായി എത്രപേരിൽനിന്നു് ക്യാഷ് സെക്യൂരിററി വാങ്ങി; അവരെയെല്ലാം ജോലിയിൽ പ്രവേശിപ്പിച്ചു കഴിഞ്ഞുവോ;

(ഇ) എന്തെല്ലാം ജോലി എവിടെയെല്ലാമാണ് കൊടുത്തതു്; വല്ലവർക്കും ജോലി കൊടുക്കാതിരുന്നിട്ടുണ്ടോ; ക്യാഷ് സെക്യൂരിററി അടച്ചവർ പിരിച്ചയയ്ക്കപ്പെടുകയോ സ്വയം പിരിഞ്ഞുപോവുകയോ ചെയ്തിട്ടുണ്ടോ;

(എഫ്) ഉണ്ടെങ്കിൽ അവർ കെട്ടിവച്ച സംഖ്യ തിരിയെ കൊടുത്തിട്ടുണ്ടോ?

വിദ്യാഭ്യാസവകുപ്പുമന്ത്രി (ശ്രീ. ജോസഫ് മുണ്ടശ്ശേരി):

(എ) ഡിപ്പാർട്ടുമെന്റിന്റെ കീഴിൽ വനജാ പോളി ടെക്നിക് എന്ന ഒരു സ്ഥാപനമില്ല. സ്വകാര്യമേഖലയിൽ ഉണ്ടോ എന്നു അറിവില്ല.

(ബി to എഫ്) ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. പി. എം. കുഞ്ഞുരാമൻ നമ്പ്യാർ: ഇങ്ങനെ ഒരു കമ്പനി സാധാരണ നാട്ടിലൊക്കെ ചുററി പലതും ചെയ്യുന്നുണ്ടെന്നു ഗവണ്മെന്റിനറിയാമോ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി: ഗവണ്മെന്റിനറിഞ്ഞുകൂടാ.

ശ്രീ. പി. എം. കുഞ്ഞുരാമൻ നമ്പ്യാർ: അതിനെക്കുറിച്ചു ഒരന്വേഷണം നടത്താമോ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി: അന്വേഷിക്കാം.

ശ്രീ. ആർ. കൃഷ്ണൻ: ചെറുപ്പക്കാരായ പല ആളുകളിൽനിന്നും ജോലി കൊടുക്കാമെന്നു പറഞ്ഞു് ഈ കമ്പനി ക്യാഷ് സെക്യൂരിററി വാങ്ങിച്ചിട്ടുള്ളതിനെപ്പററി അന്വേഷിക്കുമോ?

മി. സ്പീക്കർ: അതിനെക്കുറിച്ചു അന്വേഷിക്കാമെന്നു പറഞ്ഞുകഴിഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly

APPENDIX II

Please see Answer to Question ❋ 1768 (13)

(B. & D.) Sl. No.	Name & Designation	Scale of pay Rs.
1.	Dr. P. V. Nayar, Director of Industries & Commerce	600-900
2.	Shri K. P. Viswanathan Nayar, Director of Government Industries	600-900
3.	Shri N. H. Rajkumar, Joint Director of Industries & Commerce (SSI)	500-800
4.	Shri P. K. Nayar, Joint Director of Industries (Coir)	500-800
5.	Shri P. Karunakara Menon, Joint Director of Industries & Commerce (Handloom)	500-800
6.	Shri K. K. Raja, Joint Director of Industries & Commerce (Metals & Industrial Estates)	500-800
7.	Shri K. Sreedhara Menon, Deputy Director (Khadi & Village Industries)	400-700
8.	Shri P. Sreedhara Menon, Deputy Director (Loans) (Cadre of Deputy Secretary)	350-600 plus Rs.100/-special Pay.
9.	Shri Thampy Thomas, Deputy Director (Extension)	400-700
10.	Vacant. Deputy Director (Administration) (Cadre of Deputy Collector)	350-600 plus Rs. 50/-allowance
11.	Shri P. T. Koman Nair, Honorary Adviser to the Government of Kerala.	D. A. and T. A. only.

2/694/V.

LIBRARY ARCHIVES Kerala Legislative Assembly

(സി) 1. വ്യവസായ ഡയറക്ടർ. ഗവണ്മെൻറുടമയിലുള്ള വ്യവസായസ്ഥാപനങ്ങളും ഗവണ്മെൻറിന് താൽപ്പര്യമുള്ള വ്യവസായസ്ഥാപനങ്ങളും ഒഴിച്ചുള്ള വ്യവസായ ഡിപ്പാർട്ടുമെൻറിൻെറ കാര്യക്ഷമമായ പ്രവത്തനമേൽനോട്ടം വ്യവസായഡിപ്പാർട്ടുമെൻറ് മേലദ്ധ്യക്ഷനാണ് ഡയറക്ടർ.

2. ഗവണ്മെൻറ് ഇൻഡസ്ട്രീസ് ഡയറക്ടർ. ഗവണ്മെൻറുടമയിലുള്ള വ്യവസായസ്ഥാപനങ്ങളുടേയും, ഗവണ്മെൻറിന് താൽപ്പര്യമുള്ള വ്യവസായസ്ഥാപനങ്ങളുടേയും കാര്യക്ഷമമായ പ്രവത്തന മേൽനോട്ടം വഹിക്കുന്നതു് ഗവണ്മെൻറ് ഇൻഡസ്ട്രീസ് ഡയറക്ടർ ആണ്.

3. ജോയിൻറ് ഡയറക്ടർ. (ചെറുകിടവ്യവസായം) ചെറുകിടവ്യവസായങ്ങളുടേയും പദ്ധതികളുടേയും ആവിഷ്കരണം നടത്തിപ്പ് മുതലായവയാണ് ചെറുകിടവ്യവസായ ഡയറക്ടരുടെ ജോലി.

4. ജോയിൻറ് ഡയറക്ടർ. (കയർ) കയർവ്യവസായവികസന പദ്ധതി സഹകരണാടിസ്ഥാനത്തിൽ സംഘടിപ്പിക്കുന്നതിൻെറ നേരിട്ടുള്ള ചുമതല.

5. ജോയിൻറ് ഡയറക്ടർ. (കൈത്തറി) കൈത്തറി വ്യവസായം സഹകരണാടിസ്ഥാനത്തിൽ സംഘടിപ്പിക്കുക, സെസ്സ് ഫണ്ട് പദ്ധതികൾ നടപ്പിലാക്കുക.

6. ജോയിൻറ് ഡയറക്ടർ. (ഇൻഡസ്ട്രിയൽ എസ്റ്റേറ്റ്സ്, മെററൽ ഇൻഡസ്ട്രീസ്) ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളുടെ മേൽനോട്ടവും, സ്വകാര്യ എഞ്ചിൻസികൾ നടത്തുന്ന മെററൽ വക്ക്ഷാപ്പുകളുടെ പ്രവത്തനവും പരിശോധിക്കുക. സ്വകാര്യമേഖലകളിലും പൊതുമേഖലകളിലും മെററൽ വക്ക്ഷാപ്പുകൾ ഉണ്ടാക്കുന്നതിൻെറ പദ്ധതികൾ നടപ്പാക്കുക ആദിയായവയാണ് അദ്ദേഹത്തിൻെറ ചുമതലകൾ.

7. ഡെപ്യൂട്ടി ഡയറക്ടർ. (ഖാദി ബ്യൂൻഡ് വില്ലേജ് ഇൻഡസ്ട്രീസ്) സ്റ്റോററിലെ ഖാദി ഗ്രാമവ്യവസായങ്ങൾ കരകൗശലങ്ങൾ (Handi crafts) മുതലായവയുടെ മേൽനോട്ടം.

8 ഡെപ്യൂട്ടി ഡയറക്ടർ. (ലോൺസ്) സ്റ്റോറ് എയിഡഡ് ഇൻഡസ്ട്രീസ് ബോർഡിൻെറ സെക്രട്ടറിയും വ്യാവസായികവായ്പ അനുവദിക്കുന്നതിൻെറ നടപടികൾ നടത്തുന്നതിൻെറ ചുമതല.

9. ഡെപ്യൂട്ടി ഡയറക്ടർ. (എക്സ്റ്റൻഷൻ) ബ്ലോക്കുകളിലെ വ്യവസായ വികസന പ്രവത്തനങ്ങളുടേയും നെയ്യാററിൻകര ഐലററ് ഇൻറൻസീവ് ഡെവലപ്പുമെൻറ് പ്രോജക്ടിൻെറയും ചുമതലകൾ

10. ഡെപ്യൂട്ടി ഡയറക്ടർ. (അഡ്മിനിസ്ട്രേഷൻ) വ്യവസായ ഡിപ്പാർട്ടുമെൻറിൻെറ ഭരണച്ചുമതലകൾ കാര്യക്ഷമമായ നിവ്വഹിക്കുക.

11. അഡൈ്വസർ, ഗവണ്മെൻറിന് വ്യാവസായിക പ്രവർത്തനം സംബന്ധിച്ച് ആവശ്യമായ ഉപദേശം നൽകുക.

LIBRARY ARCHIVES Kerala Legislative Assembly